പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2234 — 10.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി. വെൽഫെയർ ഓഫീസർ

ചോദ്യം — ഉത്തരം

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ക്യാറ്റഗറി നമ്പർ 442/09 പ്രകാരം കെ.എസ്.ആർ.ടി.സി. യിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് 2 നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നതിൽ 7 വർഷം പെർമനന്റ് കണ്ടിന്യൂവസ് സർവ്വീസ് ഇല്ലാത്തവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരെയാണ് ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. യിലെ വെൽഫെയർ ഓഫീസർ ഗ്രേഡ് 2 നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നത്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. കാറ്റഗറി നം.442/09 പ്രകാരം കോർപ്പറേഷനിൽ സജീവസേവനത്തിലുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോർപ്പറേഷനിൽ ഏഴ് വർഷത്തെ തുടർച്ചയായ സ്ഥിരം സേവനം നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ചുവരികയാണ്. അന്വേഷണ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | നോട്ടിഫിക്കേഷനിൽ അറിയിച്ചിരുന്നത് പ്രകാരം യോഗ്യത ഇല്ലാത്തവരെ അനധികൃതമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; | | |
| (സി) | 500 ജീവനക്കാർക്ക് 1 വെൽഫെയർ ഓഫീസർ എന്ന നിരക്കിൽ വെൽഫെയർ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി. യിൽ മൂന്ന് (3) വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തികകൾ നികത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കോർപ്പറേഷനിലെ ഹയർ |

| | | | |
|---|---|---|---|
| | | | ഡിവിഷൻ ഓഫീസർമാരുടെ എണ്ണം നിജപ്പെടുത്തിയിട്ടു ളളതിനാൽ 500 ജീവനക്കാർക്ക് 1 വെൽഫെയർ ഓഫീസർ എന്ന നിരക്കിൽ നിയമിക്കാൻ തൽക്കാലം നിർവ്വാഹമില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ഗ്രേഡ് 2 വെൽഫെയർ ഓഫീസർമാരുടെ എത്ര ഒഴിവുണ്ട് എന്ന് അറിയിക്കുമോ ? | (ഡി) | കോർപ്പറേഷിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ